**POLICE** **DEPARTMENT**

**KERALA**

**No. B6-49098/2020/TC**
City Police Office,
Thiruvananthapuram
✉cptvm.pol@kerala.gov.in
☏04712320579
Dated. 13-10-2020

**<u>ലേലപരസ്യം</u>**

ഭക്തിവിലാസം ഐ പി എസ് ഫ്ലാറ്റ് കോമ്പൌണ്ടിനുള്ളിൽ മുറിച്ചിട്ടിരിക്കുന്ന മരങ്ങളുടെ ലേലം **22/10/2020** തീയതി രാവിലെ **11.00** മണിക്ക് ടി പരിസരത്ത് വച്ച് നടത്തുന്നതാണ്. ഈ ലേലത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ നിരത ദ്രവ്യമായി 1000/- രൂപ ലേല ദിവസം രാവിലെ 11 മണിക്ക് മുൻപായി ലേല സ്ഥലത്ത് അടച്ച് രസീത് വാങ്ങേണ്ടതാണ്. കൂടുതൽ തുകയ്ക്ക് ലേലം വിളിക്കുന്ന വ്യക്തിക്ക് ലേലം ഉറപ്പിക്കുന്നതാണ്. ലേലം കൊള്ളുന്ന വ്യക്തി നിരതദ്രവ്യം കഴിച്ച് ലേല സംഖ്യയും ലേല തുകയുടെ 5 % വനവികസന നികുതിയും വനവികസന നികുതിയുടെയും ലേലതുകയുടെയും **18%** ജി എസ് റ്റി യും മറ്റ നിയമാനുസൃത നികുതികളും കൂടി അടയ്ക്കേണ്ടതാണ്. വനവികസന നികുതിയായി ഈടാക്കുന്ന തുക **0406-01-101-96-00-FDT** എന്ന ശീർഷകത്തിൽ ഡിവിഷൻ കോഡ് **0101-250-020** ആയി ചെലാൻ മുഖാന്തിരം സർക്കാർ ഖജനാവിൽ ഒടുക്കി ഒറിജിനൽ രസീത് ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ, സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, തിരുവനന്തപുരം ആഫീസിലേയ്ക്ക് അയച്ച് കൊടുക്കുന്നതാണ്.
മേൽ പ്രസ്താവിച്ച ലേല വ്യവസ്ഥയ്ക്ക് വിരുദ്ധമായി പ്രവർത്തിച്ചാൽ ലേലം അസ്ഥിരപ്പെടുത്തുന്നതും പുനർലേലം ചെയ്യുന്നതുമായിരിക്കും. ലേല ദിവസത്തിന് മുൻപുള്ള പ്രവർത്തി ദിനത്തിൽ രാവിലെ 11 നും വൈകീട്ട് 4 നും ഇടയ്ക്കുള്ള സമയങ്ങളിൽ കമാണ്ടൻറ് ഓഫീസറുടെ സാന്നിധ്യത്തിൽ ലേലം ചെയ്യുന്ന മരത്തടികൾ പരിശോധിക്കാവുന്നതാണ്.

യാതൊരു കാരണവും കാണിക്കാതെ ലേലം മാറ്റി വയ്ക്കുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനുമുള്ള അധികാരം ജില്ലാ പോലീസ് മേധാവിക്ക് നിക്ഷിപ്തമായിരിക്കും.

Mohammed Arif P A
Deputy Commissioner of Police
For Inspector General & Commissioner of Police

To : ബോർഡ് അംഗങ്ങൾക്ക് അറിവിലേയ്ക്കും അനന്തര നടപടികൾക്കുമായി.

Copy To : എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും ബറ്റാലിയൻ കമാണ്ടൻറ്റമാർക്കും അറിവിലേയ്ക്കും വ്യാപക പരസ്യത്തിനുമായി / എസ് എച്ച് ഒ മാർക്ക് തദ്ദേശ നിവാസികളിൽ വ്യാപക പരസ്യത്തിനായി / മാനേജർ, സി.പി.ഒ / ജൂനിയർ സൂപ്രണ്ടു, ബഡ്ജറ്റ് ബ്രാഞ്ച് / ക്യാഷ്യർ സി പി ഒ / ക്യാഷ്യർ ഏ ആർ എന്നിവർക്ക് അറിവിലേയ്ക്കും അനന്തര നടപടികൾക്കുമായി